**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5524** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിച്ചവർക്ക് സഹായധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് സംസ്ഥാനത്തിന് പുറത്ത് എത്രപേർ ചികിത്സ തേടിയിട്ടുണ്ടെന്നും ഇതിൽ എത്രപേർ മരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്ക് സഹായധനം നൽകുമോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരിച്ച കേരളീയരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവരുടെ കുടുംബത്തിന് സഹായധനം നൽകുമോ; | (ബി) | ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. ഡാറ്റ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർമാർ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, കേന്ദ്ര വിദേശ കാര്യമന്ത്രാലയം എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുവാൻ ശ്രമങ്ങൾ നോർക്ക വകുപ്പ് നടത്തി വരുന്നുണ്ട്. കൂടാതെ കോവിഡ് മൂലം മരണടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധികളുടെ ആശ്രിതർക്ക് പരമാവധി അൻപതിനായിരം രൂപയും മരണാനന്തര ധനസഹായമായി നൽകുകയും, കോവിഡ് മൂലം മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ഡോ.രവിപിള്ളയുടെ ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക-റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ഒരു വീട്ടിൽത്തന്നെ കോവിഡ് ബാധിച്ച് അച്ഛനും അമ്മയും മരിച്ച എത്ര കുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്ക് നൽകുന്ന സഹായധനത്തെക്കുറിച്ചുള്ള വിശദാംശം നൽകാമോ? | (സി) | ഒരു വീട്ടിൽത്തന്നെ കോവിഡ് ബാധിച്ച് അച്ഛനും അമ്മയും മരിച്ച എത്ര കുടുംബങ്ങൾ ഉണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. എന്നിരുന്നാലും കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി (18 വയസ്സിനു താഴെ) സർക്കാർ പ്രഖ്യാപിച്ച ധനസഹായം നൽകുന്നതിനായി കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ സംബന്ധിച്ച് വനിത ശിശു വികസന വകുപ്പിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നു. അതിനു പുറമെ 18 വയസ്സ് വരെ പ്രതിമാസം 2000 രൂപ വീതം നൽകുന്നതിനും ബിരുദതലം വരെയുള്ള വിദ്യാഭ്യാസച്ചെലവ് സർക്കാർ ഏറ്റെടുക്കുകയും ചെയ്യും. ആദ്യഘട്ടമെന്ന നിലയിൽ 52 കുട്ടികൾക്കായി 1,65,24,000/- രൂപ (ഒരു കോടി അറുപത്തി അഞ്ചു ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) ജില്ലകൾക്ക് അലോട്ട്മെന്റായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ആവശ്യമായ അന്വേഷണങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തരമായി പൂർത്തിയാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 7 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 9 |
| 8 | തൃശ്ശൂർ | 16 |
| 9 | പാലക്കാട് | 7 |
| 10 | മലപ്പുറം | 5 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 7 |
| | **ആകെ** | **90** |